# 'ജ്ഞാനത്തിന്റെ ആത്മാവിനു വേണ്ടിയുള്ള പ്രാർത്ഥന'

എഫേസ്യർ 1:15–18

''അതുനിമിത്തം ഞാനും നിങ്ങൾക്കു കർത്താവായ യേശുവിലുള്ള വിശ്വാസത്തെയും സകല വിശുദ്ധന്മാരോടുമുള്ള സ്നേഹത്തെയും കുറിച്ചു കേട്ടിട്ടു, നിങ്ങൾക്കു വേണ്ടി ഇടവിടാതെ സ്തോത്രംചെയ്തു എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തുംകൊണ്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിന്നും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു.''

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ രക്തം നമ്മുടെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമായി നാം സ്വീകരിച്ച് വീണ്ടും ജനനം പ്രാപിച്ചപ്പോൾ അതോടൊപ്പം നാം നമ്മുടെ ഹൃദയങ്ങളിലേക്ക്, നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അവന്റെ ആത്മാവിനെയും കൂടെയാണു സ്വീകരിച്ചത്. ഈ ആത്മാവ് നമ്മിൽ വസിച്ച് ദൈവവചനത്തിന്റെ വ്യാപ്തി നമുക്കു വെളിപ്പെടുത്തുന്നതോടൊപ്പം ദൈവവിളിയുടെ ലക്ഷ്യം നമ്മെ ഓർമ്മപ്പെടുത്തി ആ പാതയിലൂടെ നയിക്കുകയും നമുക്കു വേണ്ടുന്ന സമയത്ത് നമ്മെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു.

ഇവിടെ എഫേസ്യർ 1:15–18ൽ പൗലോസ് എഫേസൂസിലെ സഭയെക്കുറിച്ചോർത്ത് പ്രാർത്ഥിക്കുകയാണ്. ഈ പ്രാർത്ഥനയുടെ അടിസ്ഥാന തത്വം എന്നു പറയുന്നത്, ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ അവരുടെ ലോലമായ മനസ്സുകളിൽ, അവർക്ക് കാണത്തക്ക വിധം അവരുടെ ആത്മീക കണ്ണുകളെ തുറക്കുക എന്നുള്ളതാണ്. നമുക്ക് അൽപം ബുദ്ധി കൂടുതലുള്ളതു കൊണ്ടോ അല്ലെങ്കിൽ നാം മറ്റുള്ളവരേക്കാളും കേമന്മാരാണെന്നു വിചാരിച്ചിട്ടോ ഒരു കാര്യവും ഇല്ല കാരണം ദൈവവചനത്തിന്റെ മർമ്മങ്ങളെ വെളിപ്പെട്ടു കിട്ടണമെങ്കിൽ നമുക്കു ഒരു പൂർണ്ണ സമർപ്പണ മനോഭാവം ഉണ്ടായിരിക്കണം, അതോടൊപ്പം ദൈവവുമായിട്ട് നമ്മുടെ ഹൃദയങ്ങളെ തുറക്കണം. ദൈവം നമ്മുടെ ഹൃദയങ്ങളോട് ഇടപെടണമെങ്കിൽ നമുക്കു നമ്മുടെ ഹൃദയത്തിൽ അവനോട് സ്നേഹം ഉണ്ടെങ്കിൽ മാത്രമേ സാധിക്കൂ.

ദൈവം ഓരോരുത്തരെയും വിളിച്ചിരിക്കുന്നത് അവന്റെ പദ്ധതികളുടെ നിവൃത്തിക്കു വേണ്ടിയാണ്, അത് ഈ ജീവിതത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല മറിച്ച് നാം അവനോടൊപ്പം സ്വർഗ്ഗത്തിൽ വസിക്കുന്ന നാളിലേക്കും നീളുന്നു. ദൈവം നമ്മെ ക്രിസ്തുവിനോടു കൂടെ കൂട്ടവകാശികളും, അവന്റെ നിഷ്കളങ്കയായ മണവാട്ടിയായും കണക്കാക്കിയിരിക്കുന്നു. നാം പ്രത്യാശിക്കേണ്ടതു അതു നടക്കുമെന്നോ ഇല്ലയോ എന്നുള്ള ഒരു അർത്ഥത്തിലല്ല മറിച്ച് അതിന്മേലുള്ള നമ്മുടെ കാഴ്ചപ്പാട്, നമുക്കു ക്രിസ്തുമൂലം കിട്ടിയ രക്ഷയും അതിന്റെ ഭാവിയും അതിന്മേലുള്ള നിത്യമായ സന്തോഷവും മുന്നറിഞ്ഞിട്ടായിരിക്കണം.

ക്രിസ്തുവിനെ കർത്താവും രക്ഷിതാവും ആയി സ്വീകരിച്ചവരും അവന്റെ നിർദ്ദോഷവും നിഷ്കളങ്കവുമായ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരുമായ നാം ദൈവത്തിന്റെ വിശുദ്ധ ജനവും രാജകീയ പുരോഹിതവർഗ്ഗവുമാണ്.

നാം എന്തെങ്കിലും ചെയത്തു കൊണ്ടോ അല്ലെങ്കിൽ നമ്മുടെ കഴിവോ, മിടുക്കോ കണ്ടതുകൊണ്ടോ ഒന്നുമല്ല നമുക്ക് ഈ പദവി ലഭിക്കുവാൻ ഇടയായത് മറിച്ച് ദൈവം നോക്കിയപ്പോൾ നമ്മെ അവൻ കണ്ടത് അവന്റെ സ്വന്തപുത്രനായ യേശുക്രിസ്തുവിന്റെ രക്തത്തിലൂടെയാണ്. ആ പരിശുദ്ധ രക്തം പുരണ്ട നമ്മെ ഓരോരുത്തരേയും അവൻ, തിരഞ്ഞെടുക്കപ്പെട്ട അവന്റെ വിശുദ്ധ ജനമായും അവന്റെ സ്വന്ത മക്കളായും പ്രഖ്യാപിച്ചു.

ഇത്രയും നീചവും, പാപിയുമായ നമ്മെ ഓരോരുത്തരേയും അവൻ എന്തിനു തിരഞ്ഞെടുത്തു അല്ലെങ്കിൽ എന്തിനു സ്നേഹിച്ചു എന്നാലോചിച്ചാൽ ചിലപ്പോൾ നമുക്കു മനസ്സിലായെന്നിരിക്കില്ല കാരണം അതു ദൈവത്തിനു നമ്മോടു തോന്നിയ കൃപയും കരുണയും ഒന്നു കൊണ്ടു മാത്രം. അതിനു നാം അവനോട് നന്ദിയുള്ളവരായിരിക്കണം. നിത്യനായ ദൈവം അവന്റെ ആത്മാവിനാൽ ഇന്നു നമ്മിൽ ഓരോരുത്തരിലും ജീവിക്കുന്നു. ക്രിസ്തുവിനെ സ്വീകരിക്കുന്ന ഓരോരുത്തരുടെയും ഹൃദയങ്ങളിൽ വസിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. എന്തൊരു വിസ്മയാവഹമായ യാഥാർത്ഥ്യമാണിത്. ദൈവത്തിന്റെ ജ്വലിക്കുന്ന ആത്മ ചൈതന്യം നമ്മിൽ ഓരോരുത്തരിലും വസിച്ച് അവന്റെ വചനത്തിന്റെ മർമ്മങ്ങളെ മനസ്സിലാക്കുവാനും അവന്റെ വെളിപ്പാടുകൾ ഉൾക്കൊള്ളുവാനും നമുക്കു സാധിക്കുമാറാകട്ടേ.

ഇന്നു നിങ്ങൾക്കു ലഭിച്ച അവന്റെ വലിയ സ്നേഹത്തിനും മഹാകരുണക്കുമായ് അവനു നന്ദി കരേറ്റുക. ദൈവം നമ്മെ ഒരോരുത്തരേയും അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 73:26

ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയുമാകുന്നു.

ബ്രദർ ബിനു ബേബി ആലപ്പുഴ 01